PRESENTATION OF REPORTS

Shri K. C. Abraham : I, Chairman, Estimates Committee, present the Fourth, Fifth and Sixth Reports of the committee on the action taken by Government on the recommendations contained in the Committee's Reports on Civil Works, Rural Water Supply Scheme and Small Scale Industries and Industrial Estates respectively.

LEGISLATIVE BUSINESS

The Kerala Land Reforms Bill-1963.

Consideration of the amendments to the Bill, as reported by the Select Committee (Contd.)

Mr. Speaker : Shri E. P. Gopalan may continue his speech.

ശ്രീ. ഇ. പി. ഗോപാലൻ : സർ, ഇന്നലെ 72-ാം വകുപ്പിൽ പാട്ട ബാക്കിയെ സംബന്ധിച്ചുള്ള ആദ്യത്തെ ഭേദഗതിയെക്കുറിച്ച് ഞാൻ സംസാരിച്ചുകഴിഞ്ഞു. 1957 ഏപ്രിൽ 11-ാംതീയതിക്കു ഇഷ്ടം കൂടിയ പാട്ടബാക്കി മുഴവനും വീട്ടുകൊടുക്കണമെന്നാണ് എന്റെ ആദ്യത്തെ ഭേദഗതി. രണ്ടാമത്തേത് 11-4-57 മുതൽ 15-2-61 വരെയുള്ള പാട്ടബാക്കിയെ സംബന്ധിച്ചിട്ടുള്ളതാണ്. പാട്ടബാക്കിയുടെ 75 ശതമാനം മൂന്നു മാസത്തിനുള്ളിൽ കൊടുത്തുതീർക്കാനാണ് ബില്ലിൽ വ്യവസ്ഥയുള്ളത്. അതിനു് എനിക്കൊരു ഭേദഗതിയുണ്ട്. എന്റെ ഭേദഗതി ഇതാണ്.

'In clause 72 (1), in Sl. No. (ii), in column (4), delete 'seventy five' and substitute 'Fifty'.

മേൽ പറഞ്ഞ കാലത്തു് ഉണ്ടാകുന്ന പാട്ടബാക്കിയുടെ 75 ശതമാനം കൊടുക്കണമെന്നുള്ളതു 50 ശതമാനമായി ചുരുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. മൂന്നാമതായി എന്റെ ഭേദഗതി താഴെ പറയുന്നതിനാണ്:—

'Arrears of rent accrued due on or after 15-2-1961 and outstanding at the commencement of this Act.'

താഴെ പറയുന്നതാണ് ബില്ലിലെ വകുപ്പ്:—

'Seventy-five per cent of the contract rent or, where fair rent has been fixed under any law in force immediately before 15-2-61 at the rate of such fair rent.'

ഇതിന്റെ കാലാവധി:—

'Six months from the commencement of this Act' ഇപ്പറഞ്ഞ രണ്ടിനും എനിക്കു് ഭേദഗതിയുണ്ട്.

സർ, എന്റെ രണ്ടാമത്തെ ഭേദഗതിയിൽ വിട്ടുപോയ ഒരു കാര്യമുണ്ട്. 'Six months from the commencement of this Act' എന്നുള്ളതുമാറ്റി ഈ നിയമം നടപ്പായിട്ടു് ഒരുകൊല്ലത്തിനകം എന്നാക്കണം എന്നാണതു്. മൂന്നാമത്തെ ഭേദഗതി, 75 ശതമാനം എന്നതു് 50 ശതമാനമാക്കണമെന്നാണ്. 3 മാസമെന്നതു് ഒരു കൊല്ലവും ആക്കണം. രണ്ടിലും 50 ശതമാനം ആക്കണമെന്നാണ് ഞാൻ ഭേദഗതിമൂലം ആവശ്യപ്പെടുന്നതു്. 'Seventy-five per cent of the contract rent or, where fair rent has been fixed under any law in force immediately before 15-2-1961, at the rate of such fair rent.' രണ്ടിലും 50 ശതമാനമാക്കണം. ഇതിനുമുമ്പു് ഏതെങ്കിലും നിയമപ്രകാരം മര്യാദപ്പാട്ടം നിശ്ചയിച്ചിരിക്കുന്ന കേസ്സുകളിൽ അങ്ങിനെ നിശ്ചയിച്ച പാട്ടം മുഴുവനും കൊടുക്കണമെന്നാണ് ബില്ലിൽ പറയുന്നതു്, അതു

LIBRARY ARCHIVES Kerala Legislative Assembly